"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഗതാഗത വകുപ്പ് - റോഡപകടങ്ങളിൽപ്പെടുന്നവർക്ക് ആദ്യത്തെ 5 ദിവസം പണരഹിത ചികിത്സ ഉറപ്പാക്കുന്ന 'ലൈഫ് സേവർ പദ്ധതി' - 2026-27 ബജറ്റ് പ്രഖ്യാപനം - പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.112/2026/TRANS തീയതി,തിരുവനന്തപുരം, 13-03-2026

---

പരാമർശം:-

1) 2026-27 വർഷത്തെ ബജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 176.

**ഉത്തരവ്**

സംസ്ഥാനത്ത് പ്രതിവർഷം ശരാശരി 48,000 റോഡപകടങ്ങൾ നടക്കുന്നുണ്ടെന്നും ഇത്തരം അപകടങ്ങളിൽപ്പെടുന്നവർക്ക് ആദ്യഘട്ടത്തിൽ ചികിത്സ ഉറപ്പാക്കേണ്ടത് അത്യാവശ്യമാണെന്നു വിലയിരുത്തുകയും 2026-27 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിലെ 176-ാം ഖണ്ഡിക പ്രകാരം, അപകടത്തിൽപ്പെടുന്നവർക്ക് ആദ്യത്തെ 5 ദിവസം രജിസ്റ്റർ ചെയ്ത സർക്കാർ ആശുപത്രികളിലും തിരഞ്ഞെടുക്കപ്പെട്ട സ്വകാര്യ ആശുപത്രികളിലും പണരഹിത ചികിത്സ (Cashless Treatment) നൽകുന്നതിനായി ഒരു പദ്ധതി പ്രഖ്യാപിക്കുകയും അതിനായി 15 കോടി രൂപ നീക്കി വെയ്ക്കുകയും ചെയ്തിട്ടുണ്ട്.

2. ഈ സാഹചര്യത്തിൽ, 2026-27 വർഷത്തെ ബജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 176 പ്രകാരം പ്രഖ്യാപിച്ച പ്രസ്തുത **'ലൈഫ് സേവർ പദ്ധതി'** നടപ്പിലാക്കുന്നതിന് സർക്കാർ ഇതിനാൽ **തത്വത്തിൽ അംഗീകാരം (In-principle Approval)** നൽകുന്നു.വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പദ്ധതി നടത്തിപ്പിനാവശ്യമായ വിശദമായ മാർഗ്ഗരേഖയും സാമ്പത്തിക പ്രൊപ്പോസലും തയ്യാറാക്കൽ, ബിഡിങ് എന്നിവയ്ക്ക് ട്രാൻസ്പോർട്ട് കമ്മീഷണറിനെ ചുമതലപ്പെടുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വിജയശ്രീ.കെ.എസ്
അഡിഷണൽ സെക്രട്ടറി

റോഡ് സേഫ്റ്റി കമ്മീഷണർ, തിരുവനന്തപുരം.
ഗതാഗത കമ്മീഷണർ, തിരുവനന്തപുരം.
അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ കുടുബക്ഷേമ വകുപ്പ്.
അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തരവകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/(എ&ഇ) തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.
ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Biju N
സെക്ഷൻ ഓഫീസർ
Date: 13-03-2026 16:35:46